## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4580** **26.10.2016-ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനിയിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മാണം**

**ചോദ്യം**
**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കോങ്ങാട് മണ്ഡലത്തിലെ വെറ്റിലച്ചോല ആദിവാസി കോളനിയിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കോളനിയിൽ മുഡുഗർ വിഭാഗത്തിൽപ്പെട്ട 67 കുടുംബങ്ങൾ താമസിച്ചു വരുന്നു. രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനും കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനും മറ്റും യാത്രാ സൗകര്യം ലഭ്യമല്ല. |
| ബി) | ടി കോളനിയിലേയ്ക്ക് റോഡ് നിർമ്മിയ്ക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) & സി) | ആരംഭിച്ചിട്ടുണ്ട്. ടി കോളനിയിൽ 2.5 കി.മീറ്റർ ദൂരം റോഡ് നിർമ്മിക്കുന്നതിനായി കാഞ്ഞിരപ്പുഴ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ജില്ലാതലവർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട് |
| സി) | അടിയന്തരമായി വാഹന ഗതാഗതം സാധ്യമാക്കുന്ന തരത്തിൽ ഒരു റോഡ് ടി കോളനിയിലേയ്ക്ക് നിർമ്മിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ